കെട്ടുവിചാരണ

ബിജു പോന്നോർ

കെട്ടുവിചാരണ

ബിജു പോന്നോർ
(മലയാളം: ചെറുകഥ)

© 2023, Biju Ponnor

The electronic versions have been created by making use of the production infrastructure of River Valley Technologies.

The electronic versions were generated from sources marked up in LaTeX in a computer running GNU/LINUX operating system. PDF was typeset using XeTeX from TeXLive 2020 and the cloud framework, Ithal (ഇതൾ). The base font used was traditional script of Rachana, contributed by KH Hussain, et al. and maintained by Rachana Institute of Typography. The font used for Latin script was Linux Libertine developed by Philipp H. Poll.

The electronic versions are released under the provisions of Creative Commons Attribution Non-commercial ShareAlike license for free download and usage.

Cover: Landscape with Fables, a painting by Adriaen van Stalbemt (1580–1662). The image is taken from Wikimedia Commons and is gratefully acknowledged.

Sayahna Foundation
JWRA 34, Jagathy, Trivandrum, India 695014
URL: www.sayahna.org

കെട്ടുവിചാരണ

എന്റെ ഓർമ്മ ശരിയാണെങ്കിൽ അന്നൊരു പെസഹാ വ്യാഴാഴ്ചയായിരുന്നു. നേരം ഉച്ചയോടടുത്തു കാണും. ഉമ്മറത്തിരുന്ന് മുറുക്കാൻ ചവച്ചുകൊണ്ടിരുന്ന സൂസ്യമ്മായിയാണ് പടിവാതിൽക്കൽ നിൽക്കുന്ന സ്നേഹത്തെ ആദ്യം കണ്ടത്. ഗോമൂത്രമൊഴിച്ചതോടെ തെങ്ങിൻ ചുവട്ടിൽനിന്നും പിടച്ചുപുറത്തുചാടിയ ഞാഞ്ഞൂളുകളെ പ്ലാസ്റ്റിക് കപ്പിലിട്ട ശേഷം പേരവടിയുടെ അറ്റത്തു ടങ്കീസുകെട്ടുന്ന തിരക്കിലായിരുന്നു ഞാനപ്പോൾ. മുരടനക്കം കേട്ട് ഞാൻ സൂസ്യമ്മായിയെ വെറുതെയൊന്നു നോക്കിയതേയുള്ളൂ; അവരന്നേരം വടക്കുനോക്കിയന്ത്രംകണക്കെ തലതിരിച്ച് എന്റെ കണ്ണുകളെ പടിപ്പുരവാതിൽക്കലേക്ക് കൂട്ടിക്കൊണ്ടുപോയി. ഞാൻ നോക്കുമ്പോൾ, പടിപ്പുരത്തൂണിനോടു ചേർന്ന് അതാ സ്നേഹം നിൽക്കുന്നു! എന്റെ തലച്ചോറിൽനിന്നപ്പോഴുത്ഭവിച്ച വൈദ്യുതിപ്രവാഹം ഒരു തരിപ്പായി രൂപാന്തരപ്പെട്ട് ഹൃദയംവഴി താഴേക്കിറങ്ങി കാൽപ്പാദത്തിലൂടെ ഭൂമിയിലേക്കു കടന്നതും എന്റെ കയ്യിലിരുന്ന ടങ്കീസ് പിടിവിട്ടു വട്ടംകറങ്ങി വടിയിൽ ചുറ്റിത്തിരിഞ്ഞു വലിയൊരു ഊരാക്കുടുക്കായി മാറിയതും ഒരുമിച്ചായിരുന്നു.

മൂക്കിനു താഴേക്കു വീണുകിടന്നിരുന്ന കണ്ണട മൂക്കിൻ പാലത്തിലേക്കു കയറ്റി വെച്ചിട്ടും ദൂരക്കാഴ്ചക്കണ്ണിന്റെ ക്ലച്ച് പിടിക്കാതെ സൂസ്യമ്മായി സംശയ ദൃഷ്ടിയാലപ്പോൾ വീണ്ടും എന്നെ ഒന്നുനോക്കി. ഉപവാസച്ചൂടിനൊപ്പം ഉച്ചയൂണിനു കാലമാകാത്തതിന്റെ ഈർഷ്യയും ക്രിസ്തുവിന്റെ പീഡാസഹനമെന്ന കൃതി മൂന്നാവർത്തി വായിച്ചതിന്റെ ചൊരുക്കും കൂടിച്ചേർന്നപ്പോൾ ഗാഗുൽത്താ മലയിൽ വീണ ചുടുനിണത്തിന്റെ മണമുണ്ടായിരുന്നു അമ്മായിയുടെ ആ നോട്ടത്തിന്. പന്തികേടു മണത്തറിഞ്ഞ ഞാൻ ശരവേഗത്തിലായിരുന്നു പടിവാതിൽക്കലേക്കു നടന്നതും സ്നേഹത്തെ മതിലിന്റെ ഓരത്തിലേക്ക് മാറ്റിനിറുത്തിയതും ഇപ്പോൾ മടങ്ങി വരാമെന്നും പറഞ്ഞ് ഉമ്മറത്തേക്കു തന്നെ തിരിച്ചെത്തിയതും. സൂസ്യമ്മായി എന്നോടെന്തെങ്കിലും ചോദിക്കും മുമ്പേ അവരോടൊന്നും രണ്ടും പറഞ്ഞ് ഉമ്മറത്തൊന്നു വട്ടംചുറ്റി വീണ്ടും ഞാൻ സ്നേഹത്തിന്റെ അടുത്തേക്കു ചെന്നു. വടിയിൽ പാമ്പുചുറ്റിയകണക്കെയുള്ള എന്റെ തിരിച്ചുപോക്കിൽ സംശയം തോന്നിയ സൂസ്യമ്മായി ഊഹനത്തിന്റെ കുട്ടസഞ്ചിയുമെടുത്ത് അടുക്കളയിലെത്തി അവരുടെ നാത്തൂനും എന്റെ രണ്ടാനമ്മയുമായ ലൂസിയമ്മയോട് മൂന്നും നാലും കുശുകുശുത്തുകാണണം; മതിലിന്റെ ഓന്തിൻ വിടവിലൂടെ ഞാൻ നോക്കുമ്പോൾ ലൂസിയമ്മ കുന്നായ്മയുടെ വലിയൊരു ചാക്കുമെടുത്ത് അഞ്ചും ആറും കിട്ടിയിട്ടുവേണം കുത്തിനിറയ്ക്കാനെന്ന ദുരാഗ്രഹത്തോടും ദുരുദ്ദേശത്തോടും കൂടി ഉമ്മറത്തേക്കോടിവരുന്നു!

വരാനിരിക്കുന്ന പുകിലുകൾ ഒരു കൊള്ളിയാനായി എന്റെ മനസ്സിൽ മിന്നിത്തെളിഞ്ഞതോടെ മതിലിൽചാരിനിന്നു കണ്ണീരൊലിപ്പിക്കുന്ന സ്നേഹത്തിന്റെ കവിളിൽ ഒരു നുള്ളുകൊടുത്ത് ഒരു മിനുട്ടിനുള്ളിൽ തിരിച്ചുവരാമെന്നും പറഞ്ഞ് പിൻഭാഗത്തുള്ള മതിലുചാടി പറപറാന്നു പറന്ന് ഞാൻ അടുക്കളയിലെത്തി; അവിടെനിന്നും പതിയെ നടന്ന് ഉമ്മറത്തും.

എന്നെ കണ്ടതും ലൂസിയമ്മ വാ തുറന്നു: "ആരണ്ടാ അതു?"

"ആര്? എന്ത്?", ഒന്നും മനസ്സിലാകാത്തതു പോലെ ഞാൻ തിരിച്ചു ചോദിച്ചു.

"സൂസ്യമ്മായി ആരണ്ട്യാണ്ടാ കണ്ടേ?", എന്നെ വിടാനുള്ള ഭാവമില്ലാതെ അവർ വീണ്ടും ചോദ്യം ആവർത്തിച്ചു.

"ആ..., അതു പഞ്ചായത്തീന്ന കുട്ടികളുടെ കണക്കെടുക്കാൻ വന്ന പെണ്ണാ", ഞാനിത്രയും പറഞ്ഞ് കെട്ടുപിണഞ്ഞു കിടന്നിരുന്ന ടങ്കീസ് പേരവടിയിൽനിന്നും ചുരുളഴിച്ചു മാറ്റുന്നതിൽ വ്യാപൃതനാകാം പോലെ അഭിനയിച്ചു കൊണ്ടിരുന്നു. ഞാനതിൽ വിജയിച്ചു എന്നതാണു സത്യം.

മറുപടിയിലെ സത്യാവസ്ഥ ബോധിച്ച ലൂസിയമ്മ തന്റെ നേരം കളയാൻതക്ക കാര്യമെന്നു ഭാവത്തിൽ അരിശത്തോടെ സൂസ്യമ്മായിയെയന്നേരം തറപ്പിച്ചൊന്നു നോക്കി. അരിശത്തിന്റെ അമ്പേറ്റ് സൂസ്യമ്മായി മുഖം താഴ്ത്തിയതോടെ ഒന്നാംക്ലാസ്സിലെ സ്ലേറ്റിലെ മായാത്ത കറകറ വരകളെ തോൽപ്പിക്കുന്ന കഠിനമായ വരകളുള്ള ഭൂതകണ്ണട താഴെ വീണ് പൊട്ടിച്ചിതറി. ചിതറിത്തെറിച്ച ചില്ലുകളിൽ കാൽകൾ വെയ്ക്കാതെ, കരിയുന്ന ചാളയുടെ ഗന്ധം പിടിച്ച് ലൂസിയമ്മയന്നേരം അടുക്കളയിലേക്ക് ഓടുന്നത് ഞാൻ കണ്ടു.

കരിഞ്ഞ ചാളയുടെ അടിഭാഗം ലൂസിയമ്മ മലർത്തിയിട്ടന്നേരം സ്നേഹത്തെത്തേടി വീണ്ടും ഞാൻ മതിലിനരികിലേക്കു പാഞ്ഞു. ഗദ്ഗദത്തോടെ കണ്ണീർ പൊഴിക്കുന്ന സ്നേഹത്തെ തൊട്ടും തലോടിയും ആശ്വസിപ്പിച്ച് ടാറിട്ട റോഡിന്റെ ഏതറ്റം വരെയും പോകാമെന്നു മനസ്ഥിതിയിലായിരുന്നു ഞാനപ്പോൾ. സങ്കീർണ്ണങ്ങളായ പല പ്രശ്നങ്ങളും ചർച്ച ചെയ്ത് ഇടവഴികളൊക്കെയും കറങ്ങിത്തിരിഞ്ഞ് നടന്നു തളർന്നു കണ്ടാകാം 'കല്പകി' ബസ്സ്, ഞങ്ങൾ കൈകാണിക്കാതെതന്നെ അരികിൽ വന്ന് ചിണുങ്ങി നിന്നത്. പറയാനുള്ളതെല്ലാം പറഞ്ഞു കഴിഞ്ഞെന്ന ആശ്വാസത്തിൽ സ്നേഹം കണ്ണുനീർ തുടച്ച് റോസാപ്പൂ പോലെ ചുമലമായ മൂക്കിൻ തുമ്പിനെ തൂവാലകൊണ്ടു പൊതിഞ്ഞ് അവിടെനിന്നും കിട്ടിയതെല്ലാം പൊതിഞ്ഞെടുത്ത് ബസ്സിന്റെ ചവിട്ടുപടികൾ കയറി എന്നെയൊന്നു തിരിഞ്ഞു നോക്കി. ആ നോട്ടത്തിന്റെ ആന്തരികാർത്ഥം എന്നേക്കാൾ നന്നായി ഗ്രഹിച്ച ബസ്സിനുള്ളിലെ കിളിമനസ്സ് കാമവെറിയാൽ സ്നേഹത്തിന്റെ നിതംബത്തിൽ കൈമുട്ടു കൊണ്ടു തട്ടിയും മുട്ടിയും ഉന്തിയും തള്ളിയും അവളെ ബസ്സിനുള്ളിലേക്കെത്തിച്ച് ആനന്ദ നിർവൃതിയോടെ ബെല്ലടിച്ചു; കല്പകി ബസ്സ് ഒരിരമ്പലോടെ മുന്നോട്ടുനീങ്ങി.

കിളിയുടെ നെറിവുകേടു കണ്ടിട്ടും അതു ചോദ്യം ചെയ്യാതിരിക്കുന്നത് സാമാന്യബോധത്തിനു നിരക്കാത്തതെന്ന ചിന്തയിൽ ഓടുന്ന ബസ്സിന്റെ പിൻവാതിലിലൂടെ ഞാൻ ബസ്സിനകത്തേക്കു ചാടിക്കടന്നെങ്കിലും അടിതെറ്റി, ബസ്സിനകത്തു നിന്നിരുന്ന രണ്ടു പേരുടെ ദേഹത്തു തട്ടി ലൂസിയമ്മയുടെ ഭർത്താവും എന്റെ താതനുമായ അന്തോണിയപ്പന്റെ കാൽക്കലായിരുന്നു ചെന്നു വീണത്. എന്റേയും സ്നേഹത്തിന്റേയും ഒരുമിച്ചുള്ള വരവുകണ്ടു കെറുവിച്ച് ഒരു സീറ്റിൽ മൂന്നാൾ കണക്കെ ചാഞ്ഞും ചരിഞ്ഞും പിരിഞ്ഞും ഇരുന്നിരുന്ന എന്റെയപ്പൻ ഉടുമുണ്ട് മുട്ടിന്റെയൊപ്പത്തിൽ കൈകൾകൊണ്ടു തെറുത്തെടുത്ത് രണ്ടു കാലുകളും ഇരുന്നിടത്തിനു പിൻവലിച്ച് അടിമുടി വിറച്ചു കൊണ്ടന്നേരം എന്നെയൊന്നു നോക്കി. ആ നോട്ടത്തിന്റെ ശക്തിയിൽ, സ്നേഹത്തിന്റെ മാനം കിളി അപഹരിച്ച കാര്യം മറന്ന് രണ്ടുകാലിൽ നിൽക്കാനുള്ള തത്രപ്പാടിൽ ഉടുതുണി താഴെയാണെന്നറിഞ്ഞിട്ടും അടിവസ്ത്രത്തിന്റെ പിൻബലത്തിൽ ഞാൻ എഴുന്നേൽക്കാൻ ശ്രമിച്ചു. എന്റെ ശ്രമം പരാജയപ്പെടുകണ്ട് കിളി ബെല്ലടിച്ചു: കല്പകി ബസ്സ് പതിയെ പതറിയ സ്വരത്തോടെ വിറച്ചു നിന്നു. അസ്വപ്രജ്ഞരായ കാണികൾക്കിടയിലുയർന്നപ്പോൾ കിളി എന്റെയരികിലേക്കോടിവന്നു. അയാളുടെ കൈപിടിച്ചെഴുന്നേൽപ്പിച്ച് ഉടുമുണ്ടെന്റെ അരയിൽചുറ്റി, ബസ്സ് വാങ്ങിയ കാലത്തു വാങ്ങിവെച്ചിരുന്ന ഫസ്റ്റ് എയ്ഡ് ബോക്സിൽ നിന്നും പാതിപഞ്ഞി ഉരിഞ്ഞെടുത്ത് എന്റെ ചുണ്ടിൽനിന്നു ചിന്തിയ രക്തം ഒപ്പിയെടുത്തപ്പോൾ എന്റെ മനസ്സിലെ കോപം ആവിയായിപ്പോയി. സ്നേഹത്തെ ആശ്വസിപ്പിക്കാനോ കിളിയോടു കെറുവിക്കാനോ നിൽക്കാതെ നിശ്ശബ്ദനായി നടന്ന് ഞാൻ ബസ്സിന്റെ മുൻവാതിലിലൂടെ പടികളിറങ്ങി.

കണ്ടും ചിന്തിച്ചും കേട്ടും ഊഹിച്ചും കൂട്ടിപ്പെരുപ്പിച്ച അപ്പൻ, താൻ രണ്ടാം കെട്ടു കെട്ടിയപ്പോൾ തലതിരിഞ്ഞു പോയ സന്താനത്തിന്റെ ചെയ്തികളെ ബന്ധുജനങ്ങളിലേക്കെത്തിക്കാനുള്ള ആഗോള സമ്മേളനം വിളിച്ചുചേർക്കാൻ അപ്പോൾ മുതൽ തയ്യാറെടുപ്പ് തുടങ്ങിയിരുന്നു. അകന്നതും അടുത്തതും തമ്മിൽ കണ്ണിമുറിയാതിരിക്കാൻ ബന്ധത്തിന്റെ തീവ്രതയളക്കാനെ കരികൊട്ടുത്ത് സൃഷ്ടാവിനെ നമിച്ച് കിഴക്കോട്ടു തിരിഞ്ഞുനിന്ന് ക്ഷണത്തിന്റെ ആതിഥ്യ മര്യാദകളൊന്നും പാലിക്കാതെ വെറും ചില ഫോൺ കോളുകളിലൂടെയായിരുന്നു അപ്പൻ സമ്മേളനത്തിന്റെ ക്ഷണം നടത്തിയത്. ആ ക്ഷണത്തിനെതിരെ ഒരു ചെറുവിരൽ പോലും അനക്കാനാവാതെ ഇതികർത്തവ്യതാമൂഢനായി തെക്കോട്ടും വടക്കോട്ടും ഞാൻ അസ്വസ്ഥതയോടെ പാതിരാത്രി വരെ ഉമ്മറത്തുലാത്തിക്കൊണ്ടിരുന്നു; പിന്നെ എപ്പോഴെന്നറിയാതെ ഉറങ്ങിപ്പോയി.

സമ്മേളനത്തിന്റെ അജണ്ഡ കയ്യിൽകിട്ടേണ്ടതാമസം, നടേലകത്തെ കട്ടിലിൽ അഞ്ചുപേർ, സോഫയിൽ നാലുപേർ, കയ്യൊടിഞ്ഞ കസേരയിൽ ഒരാളടക്കം ഏഴ് കസേരകളിൽ ഏഴുപേർ, പിന്നെ സൂസ്യമ്മായിയടക്കം ആറുപേർ വരാന്തയിലെ കറുത്ത തറയിൽ! ശബ്ദമുഖരിതമായ അന്തരീക്ഷം തീർക്കാൻ വകയില്ലെ ഏഴു ചെറുകുട്ടികൾ വേറെയും! സ്വഭവനത്തിൽ സ്വന്തങ്ങളും ബന്ധുക്കളും നിഷ്കാസിതനായി ഇരിപ്പിടം തപ്പി നടക്കേണ്ടി വരുന്ന ഒരു ഹതഭാഗ്യനായി ഞാൻ മാറിയതോർത്ത് കണ്ണിതപ്പൊടാനാകാതെ പരിഭവം പറയാൻ എനിക്കന്നാരുമില്ലായിരുന്നു.

കുശുമ്പും കുന്നായ്മയും അപവാദവും ചേർത്ത പാനീയം ക്ഷണിതാക്കൾക്കായി തയ്യാറാക്കാൻ തലേന്നാൾ തുടങ്ങി തലയിൽ അടുപ്പു കൂട്ടിയ ലൂസിയമ്മ, ഉച്ചക്കു തീനിനും കുടിക്കും നാലാൾ ഉണ്ടാകുമെന്ന ചിന്തയോടെ കൂട്ടടയ്ക്കാൻ മറന്ന് കോഴികളന്നേരം തുറന്നുവിട്ടു. കൂട്ടിലെ ചാത്തൻ കൊങ്ങണംകുത്തി പുറത്തു ചാടിയപ്പോഴാണ് ലൂസിയമ്മക്ക് ചോറിനു കറിയുണ്ടാക്കേണ്ടതായ കാര്യം പെട്ടെന്ന് ഓർമ്മയിൽ വന്നത്. സാരിതലപ്പ് ഞൊടിയിടയിൽ ഞെറിക്കുത്തിനൊപ്പംകുത്തി ലൂസിയമ്മ ചാത്തന്റെ പിന്നാലെപ്പാഞ്ഞു. തൊടിയിൽ ചാത്തനുമായി മത്സരപ്പയറ്റിലേർപ്പെട്ടിരിക്കുന്ന ലൂസിയമ്മയുടെ കുറവുണ്ടെന്നതൊഴിച്ചാൽ ഞാനടക്കം ഏവരും നടേലകമെന്ന സമ്മേളന സ്ഥലത്തപ്പോൾ സന്നിഹിതരായിരുന്നു.

ലൂസിയമ്മയെക്കാത്ത് അന്തോണിയപ്പൻ എരിപിരി കൊണ്ടെങ്കിലും ചാത്തനെപ്പിടിക്കാനായാൾ ഇരുന്നിടത്തു നിന്നും ഇളകിയതേയില്ല. സമ്മേളന സ്ഥലത്ത് ലൂസിയമ്മയില്ലെന്നറിഞ്ഞ ഞാൻ ചാത്തനെ പിടിക്കാൻ അവർക്ക് കൂട്ടായിച്ചെല്ലാൻ തൊടിയിലേക്കിറങ്ങി. അറവുമാടായി മാറുന്നതിനു മുമ്പ് സമ്മേളനാർത്ഥികൾക്ക് എന്തെങ്കിലും കൊത്തിക്കീറാൻ കിട്ടിയാൽ എന്റെ മേലേക്കുള്ള കടന്നാക്രമണം കുറയുമെന്ന ചിന്തയിൽ ചാത്തനു രക്ഷപ്പെടാനാകാത്ത വിധം കൈകൾ ഇരുവശത്തേയ്ക്കും വിരിച്ചു പിടിച്ച് ചാത്തനെതിരെ ഞാൻ നിലകൊണ്ടു. രക്ഷപ്പെടാനാകില്ലെന്നറിഞ്ഞ ചാത്തൻ തിരിഞ്ഞോടിയതു ലൂസിയമ്മയുടെ കൈകളിലേക്കായിരുന്നു. ലൂസിയമ്മയുടെ കയ്യിലിരുന്ന് 'യു ട്ടു ബ്രൂട്ടസ്' എന്ന് കാറിക്കൂവി ചാത്തനെന്നോടു പരിഭവിച്ചപ്പോൾ 'വരാനിരിക്കുന്നത് വഴിയിൽത്തങ്ങില്ല' എന്ന ചാത്തനോട് മറുവാക്കു പറഞ്ഞ് ഞാൻ മുഖംതിരിച്ചു. 'ഇന്നു ഞാൻ നാളെ നീ' എന്നു കൂവി വിളിച്ചു ശപിച്ചു ചാത്തൻ അല്പനിമിഷങ്ങൾക്കകം ലൂസിയമ്മയുടെ ഹസ്തങ്ങളാൽ ഇഹലോകവാസം വെടിഞ്ഞു.

പപ്പും തൂവലും പറിക്കുവാനായി വെട്ടിത്തിളച്ചവെള്ളത്തിൽ മുക്കിയെടുത്ത ചാത്തനെക്കണ്ട്, അരിഞ്ഞുവെച്ച സവാളയും മുളകും കണ്ട്, എന്റെ മനസ്സ് തരളിതമായപ്പോൾ ഞാൻ അടുക്കളവാതിൽകടന്നു നടേലകത്തിലെ ജനാലതിണ്ണയിൽ ഒന്നുമറിയാതെതന്നെ തനിച്ചിരുന്നു. കെട്ടുവിചാരണയുള്ള അവസരമൊത്തു വന്നതു കണ്ട് മുക്കാപ്പൊടി ആഞ്ഞുവലിച്ച്, തുമ്മലിന്റെ ആചാരവെടി പൊട്ടിച്ച്, ലൂസിയമ്മയുടെ മൂത്തയാങ്ങള ആരോപണങ്ങൾ അവതരിപ്പിക്കാൻ ലൂസിയമ്മയ്ക്ക് അധികാരച്ചെങ്കോൽ കൈമാറുംപോയുംവിധം എന്തോ ചേഷ്ട കാണിച്ചു.

ചെങ്കോൽ കയ്യിൽ കിട്ടിയ സന്തോഷം പുറത്തു കാണിക്കാതെ, സദസ്സിനു വന്ദനം പറയാൻ പോലും മറന്നു കണ്ടതും കേട്ടതും കാണാത്തതും ചിന്തിച്ചും പൊടിപ്പും തൊങ്ങലുംവെച്ചു സങ്കടക്കണ്ണീരിൽ ചാലിച്ച്, ഇനിയുമെന്തൊക്കെ ഞാനനുഭവിക്കണം ദൈവമേയെന്ന പരിദേവനത്തോടെ ആമുഖത്തിന്റെ തിരശ്ശീല നീക്കി ലൂസിയമ്മ കെട്ടുവിചാരണ ഔദ്യോഗികമായി ഉദ്ഘാടനം ചെയ്തു. സൂസ്യമ്മായി ഇതുകണ്ട് അന്തോണിയപ്പനെ നോക്കി കണ്ണിറുക്കി. സൂസ്യമ്മായിയും ലൂസിയമ്മയും ഒന്നായതിന്റെ സന്തോഷം അന്തോണിയപ്പന്റെ മുഖത്തപ്പോൾ മിന്നലാട്ടം നടത്തുന്നതു ഞാൻ കണ്ടു.

ഒന്നാം സാക്ഷി സൂസ്യമ്മായിയ്ക്ക് വലിവിന്റെ അസുഖമുള്ളതിനാൽ വിസ്താരം അധികനേരം നീണ്ടുനിന്നില്ല. രണ്ടാം സാക്ഷിയായ എന്റെയപ്പൻ ഒന്നാം ഭാര്യയും എന്റെ പെറ്റമ്മയുമായ മറിയാമ്മയുടെ വേർപാടിനു ശേഷമുള്ള ഹൃദയത്തിന്റെ കല്ലറ തുറന്നപ്പോൾ കേട്ടുനിന്നവർ എന്റെ കണ്ടാമണിത്തരങ്ങൾ കേട്ട് വാപൊളിച്ചു. പൊളിച്ചവാ അടയ്ക്കാനാകാതെ വിമ്മിട്ടപ്പെട്ടവർ താടിക്കു കൈപ്പത്തികൊണ്ടു താങ്ങു കൊടുത്തു. അതോടെ അവരെല്ലാം അപ്പന്റെ വാക്കുകൾക്കു താങ്ങുകൊടുത്തതായി കണ്ടവരും കേട്ടവരും മനസ്സിൽ ഗണിച്ചു. തുടർന്ന് അവിടെ കൂടിയിരുന്നവരിൽ പലരും എനിക്കെതിരെ കള്ള സാക്ഷ്യം പറഞ്ഞു. സാക്ഷിമൊഴികൾക്കു ശേഷം എന്റെ പെറ്റമ്മയുടെ ആങ്ങളമാരുടെ കൊട്ടിക്കേറ്റത്തിന്റെ രത്നച്ചുരുക്കം പറയാതെവയ്യ.

"പെണ്ണേതാ മതം? പെണ്ണേതാ ജാതി?", ഒന്നാമന്റെ ചോദ്യങ്ങൾ!

"കാശുണ്ടോ, കാറുണ്ടോ?", രണ്ടാമന്റെ ചോദ്യങ്ങൾ!

"നിറമുണ്ടോ, വണ്ണമുണ്ടോ?", മൂന്നാമന്റെ ചോദ്യങ്ങൾ!

"ചോദിച്ചില്ലാ, അറിയില്ലാ, പറയില്ലാ", മൂന്നാൾക്കും കൂടി ഒറ്റവാചകത്തിൽ ഉത്തരം പറഞ്ഞ് ഞാൻ തലകുമ്പിട്ടുനിന്നു.

"ആരോടാണ്ടാ താന്തോന്നീ, ഈ തർക്കുത്തരങ്ങൾ?", അപ്പൻ കൈയോങ്ങി ചാടിയെഴുന്നേറ്റ് എന്നെ അടിക്കാനാഞ്ഞു. ചുമരിനോടു ചേർന്നുനിന്ന് കൈകൾ ഞെരിച്ചുപിടിച്ച് ഉള്ളൊന്നാളിയെങ്കിലും മുഖംചുളിച്ച് ഞാനന്നേരം പതുങ്ങിനിന്നു.

"ചെക്കൻ എങ്ങനെണ്ടെന്ന് ഇപ്പം മനസ്സിലായില്ലേ?", ലൂസിയമ്മ അന്തോണിയപ്പനെ പിന്തുണയറിയിച്ച് ശബ്ദവോട്ട് നൽകിയപ്പോഴേക്കും സദസ്സ് ഒരു പൊട്ടിത്തെറിയുടെ വക്കിലെത്തിയിരുന്നു. ശാന്തത കൈവിടാതെതന്നെ കയ്യാങ്കളി പാടില്ലെന്നും പറഞ്ഞു ഇടയിൽചാടി എന്നെ രക്ഷപ്പെടുത്തിയ പെറ്റമ്മയുടെ നാലാമത്തെ ആങ്ങളയുമായി അടച്ചിട്ട മുറിയിലെ കമ്പസാരത്തിന്റെ ഉൾക്കാമ്പ് ഇവിടെ പറയാതെ തരമില്ല.

"അമ്മയുടെ മരണശേഷം മിണ്ടാനും കൊഞ്ചാനുമാകാതെ, സ്നേഹിക്കാനും സ്നേഹിക്കപ്പെടാനുമാകാതെ പതിനെട്ടിന്റെ നിറവിൽ ആടിപ്പാടി നടക്കേണ്ട പ്രായത്തിൽ വീടിന്റെ പകുതിഭാരം താങ്ങണമെന്ന് കാർക്കശ്യത്തോടെ അപ്പൻ പറഞ്ഞാൽ എന്റെ അപ്പൻ എനിക്കെപ്പനെ അപ്പനാകുമോ?", എന്റെ ചോദ്യംകേട്ട് നാലാമൻ തലകുനിച്ചു.

ഞാൻ തുടർന്നു പറഞ്ഞു: "അങ്ങനെ എന്റെയപ്പൻ എനിക്കന്തോണിയപ്പനായി! അതോടെ ഞാൻ നാടും വീടും വിട്ടു. പിന്നെ കൂലിയും സ്നേഹവും അന്വേഷിച്ച്, നാടായ നാടു മുഴുവൻ കറങ്ങി നടക്കുന്ന കാലത്ത് ഒരു പാതിരാത്രിയിൽ മാഹിമിലെ കടത്തിണ്ണയിൽ പനിച്ചുവിറച്ചു കിടന്നപ്പോൾ രണ്ടു ബലിഷ്ഠമായ കരങ്ങളെന്നെ കെട്ടിപ്പിടിച്ച് പുതപ്പിനടിയിലേക്കു വലിച്ചെടുത്തു. മൂന്നു മാസത്തോളം ആ കരങ്ങളിലാണ് സ്നേഹമെന്നും ആശ്രയമെന്നും ഞാൻ തെറ്റിദ്ധരിച്ചു".

ഇതുപറഞ്ഞ് കെട്ടുവിചാരണക്കിടെ ഞാൻ മൂക്കുപിഴിഞ്ഞു കരഞ്ഞു. തുടർന്നുകേൾക്കാനുള്ള കൊതിയോടെ നാലാമൻ അയാളുടെ ഒലിച്ച മൂക്ക് മുകളിലേക്കാഞ്ഞു വലിച്ച് എന്റെ ദുഃഖത്തോട് ഐക്യദാർഢ്യം രേഖപ്പെടുത്തി. ഞാൻ തുടർന്നുപറഞ്ഞു:

"പുതപ്പിനടിയിലെ സ്നേഹം വ്യാജമാണെന്നും അതു പ്രകൃതിയും ദൈവവും മനുഷ്യനിർമ്മിതമായുള്ള സുസ്ഥിര ഐക്യത്തിന് കളങ്കം ചാർത്തലാണെന്നും ദുഃഖവെള്ളിയാഴ്ചക്കു മുമ്പത്തെ ആണ്ടു കമ്പസാരത്തിൽ ചെമ്പുതിലെ പള്ളിയിൽവെച്ച് മലയാളി കത്തനാർ ഉപദേശിച്ചപ്പോൾ പുതപ്പിനുള്ളിൽനിന്നും പ്രായപൂർത്തിയായ എന്റെ ദേഹം പുറത്തു ചാടി. തെറ്റും ശരിയും അറിയാൻ കഴിയാതെ, തെറ്റിനെ ശരിയാക്കിയും ശരിയെ തെറ്റാക്കിയും കമ്പസാരിച്ചും കമ്പസാരിക്കാതെയും പിന്നേയും കാലം കടന്നുപോയി. ഏകദേശം ഒരു വ്യാഴവട്ടക്കാലം മുമ്പ്, ഞാനനുഭവിച്ചറിഞ്ഞവരിൽ കളങ്കമേശാത്ത ഏക വ്യക്തിത്വം കറ കളഞ്ഞ കണ്ണീരിൽ കദനകഥ പറഞ്ഞപ്പോൾ മതമോ, ജാതിയോ, നിറമോ, പണമോ ഒന്നും നോക്കാതെ, പേരുപോലും ചോദിക്കാതെ ഞാൻ വാക്കുനൽകി: 'നീ എന്റേതാണ്, ഇനി നീ എന്റേതു മാത്രം'. അതാണ് 'സ്നേഹം'! ആ വാക്കിന്റെ പിൻബലം, മൊബൈലിൽ നിറഞ്ഞാടി; ഫേസ്ബുക്കിൽ കരകവിഞ്ഞു; വാട്സാപ്പിലൂടെ തളിർത്തു പൂത്തുലഞ്ഞു. എനിക്കനുകൂലമായും പ്രതികൂലമായും എവിടെയും തെളിവുകൾ ബാക്കിയായി".

ഞാനൊന്നു നിറുത്തി, നാലാമനോടു വീണ്ടും ചോദിച്ചു: "ഇനി എനിക്കു പിൻമാറാൻ പറ്റുമോ?, സ്നേഹത്തിന്റെ കയ്യിൽ നൂറുനൂറു തെളിവുകൾ ബാക്കിയില്ലേ? ആ തെളിവുകൾ ഏതുകാലത്തും എന്നെ വേട്ടയാടില്ലേ?" എന്റെ ചോദ്യങ്ങൾക്ക് ഉത്തരംമുട്ടി അയാൾ മൗനംപൂണ്ടു. അയാൾക്ക് കംപ്യൂട്ടർ പരിജ്ഞാനമുണ്ടായത് എന്റെ ഭാഗ്യം!

കെട്ടുകമ്പസാരം കഴിഞ്ഞപ്പോഴേക്കും ഞാൻ വിയർത്തു കുളിച്ചിരുന്നു. അനന്തിരവന്റെ ദുരവസ്ഥ അറിയാൻ ശ്രമിക്കാത്തതിന്റെ കുറ്റബോധത്താലും കമ്പസാര രഹസ്യം പുറത്തു പറയാനാകാത്ത വിഷമത്താലും അയാളുടെ മനസ്സും ശരീരവും തളർന്നു. വിശപ്പിന്റെ വിളികൾ ഒപ്പം വന്നപ്പോൾ അയാൾ തളർന്നിരുന്നു. അയാളുടെ കുടലുകരിയുന്ന മണം കേട്ട് തന്റെ കൂടപ്പിറപ്പുകളെ കൊന്നതിന് ചാത്തൻ ഇനിയും ഇരിക്കപ്പൊറുതി നൽകില്ലെന്ന ചറപറാന്ന് പിറുപിറുത്ത് മുളകും, മുളകിനെ പിന്തുണച്ചു മല്ലിയും മഞ്ഞളും കറിവേപ്പിലയും മസാലക്കൂട്ടുകളും വെള്ളത്തിനൊപ്പം ചേർന്നു ചാടിമറിഞ്ഞു വെന്തുടഞ്ഞു. ഉള്ളി വഴറ്റലെന്ന മഹനീയ കർമ്മം കൂടി കഴിഞ്ഞതോടെ ലൂസിയമ്മ മുരിനിവർന്ന് ഏവരേയും ഊണിനു ക്ഷണിച്ചു. അല്പ സമയത്തിനുള്ളിൽ എന്നെ കടിച്ചു കീറാൻ കാത്തുനിന്നവർ ചാത്തനെ അരിശത്തോടെ കടിച്ചുകീറി ചവച്ചരച്ചു. ഒരു ചാത്തനെക്കൊണ്ട് എന്താകാനെന്ന കെറുവിച്ച് അമ്മയുടെ ആങ്ങളമാർ എല്ലിൻ കഷണങ്ങൾ ആഞ്ഞുകടിച്ച് ഭീഷണിയെന്ന കോമ്പല്ലിന്റെ മൂർച്ചകൂട്ടി. ഇതിനിടെ പച്ചമുളക് കടിച്ചവർ വായ് കുളിർമ്മ നൽകാൻ ശ്വാസം അകത്തേക്കു വലിച്ചിട്ടും ആശ്വാസം കിട്ടാതെ പല്ലിറുമ്മി എന്റെ അരികിലെത്തി.

അകത്തളത്തിൽ ഏകനായി വാക്കിന്റെ വാളെടുത്ത് സകല അടവുകളും പയറ്റി ഞാൻ പിടിച്ചുനിൽക്കുന്നതുകണ്ട് സഹിക്കാനാകാതെ അവരിലൊരാളുടെ കൈ പൊങ്ങിയതും അതുവരെ എല്ലാം കണ്ടും കേട്ടും സഹിച്ചിരുന്ന ലില്ലിമ്മായി ഓതിരംവെട്ടി പരിചയുമായി ഇടയിൽ ചാടിയതും ഒരുമിച്ചായിരുന്നു. ആധാരം ഒപ്പിട്ടതുമുതൽ തരാമെന്നുപറഞ്ഞു പറ്റിച്ച സ്ത്രീധനത്തുകയിൽ ബാക്കിയുള്ള നക്കാപ്പിച്ചക്കാശിന്റെ ഉറുമിയും ലില്ലിമ്മായി അന്നേരം പുറത്തെടുത്തു. ഇതുകണ്ട് ആയുധംവെച്ച് സകലരും കീഴടങ്ങിയപ്പോൾ ലില്ലിമ്മായിയുടെ വക പഴംപുരാണ പാരായണവും ഉപദേശവുമായിരുന്നു തുടർന്നുള്ള അരമണിക്കൂർ.

വൈകന്നേരത്തെ ചായയോടെ കെട്ടുവിചാരണ അവസാനിച്ചെങ്കിലും സമ്മേളനാനന്തരം പലരുമന്ന സ്ഥലംവിടാൻ തയ്യാറല്ലായിരുന്നു. ഞാൻ ഏകനായി മുഖംചീർത്ത് പടിഞ്ഞാറ്റേ മുറിയിലന്നേരം അഭയംതേടി. നിലപാടു തറയിൽ അങ്ങും ഇങ്ങും വെട്ടി മറ്റൊരു ചന്ദ്രഗിരിയാകാൻ പിടിച്ചു നിന്നതിൽ അഭിമാനം തോന്നിയെങ്കിലും കെട്ടുവിചാരണക്കിടയിൽ നടന്ന കമ്പസാരത്തിന്റെ ഓർമ്മയിൽ ദൃശ്യവിലങ്ങൾ ഇനിയോർക്കുമ്പോൾ ഞാൻ ആകുലചിത്തനായിരുന്നു. ശരീരമാസകലം തറച്ച കുത്തുവാക്കുകൾ ഓരോന്നോരോന്നായി ഊരി മനസ്സിലിട്ടു വേവിച്ച് ഒരു മൊണാലിസപ്പുഞ്ചിരി കടമെടുത്ത് ചുമരിൽ മാറാലപിടിച്ച മഞ്ഞച്ചു കറുത്തിരിക്കുന്ന അമ്മയുടെ ഫോട്ടോയിലേക്ക് കണ്ണെറിഞ്ഞ് അമ്മേ സഹായിക്കണേയെന്ന് മെല്ലെപ്പറഞ്ഞ് ഞാൻ കട്ടിലിൽ കമിഴ്ന്നുകിടന്നു. അന്നേദിവസം ഒന്നും കഴിക്കാത്തതിനാലുള്ള ക്ഷീണം എന്റെ ഉറക്കത്തെ തൊട്ടും തലോടിയും ഓർമ്മപ്പെടുത്തിയെങ്കിലും അടുക്കളയിലേക്കു നീങ്ങുവാൻ ശേഷിയില്ലാതെ ഞാൻ കിടന്നിടത്തുതന്നെ അനങ്ങിയില്ല. അല്പസമയത്തിനുള്ളിൽത്തന്നെ ഞാൻ ഗാഢനിദ്രയിലേക്ക് ഊർന്നു വീണിരുന്നു. ആ ഉറക്കത്തിനിടയിൽ എന്റെ സ്വപ്നകഞ്ചുകം പൊട്ടി രണ്ടു കിനാവുകൾ പുറത്തു ചാടി. അതിലാദ്യത്തെ കിനാവ് ഇപ്രകാരമായിരുന്നു.

നീണ്ട താളത്തിലുള്ള ഒരു ഹോൺശബ്ദം പതിയെ ഉയർന്നു താഴ്ന്നുനിന്നപ്പോൾ ഞാനെഴുന്നേറ്റ് ജനാലയിലൂടെ പുറത്തേക്കു നോക്കി. ഒരു ബെൻസ് കാറ് വീടിന്റെ മുറ്റത്തേക്കു കടന്നുവരുന്നു. അതിനു പിന്നിലായി ഒരു ബിഎംഡബ്ലിയു! പിന്നാലെ ഒരു ഇന്നോവ! കാഞ്ചീപുരം പട്ടിന്റെ ദൃശ്യകലക്കൊപ്പം നിലാവിൽ പല്ലിളിച്ചു ചിരിച്ച് സ്നേഹത്തിന്റെ അമ്മയതാ മുന്നിലെ ബെൻസിൽ നിന്നും ഇറങ്ങിവന്നു! ഇളംമഞ്ഞപ്പട്ടിന്റെ ജുബയിൽ ദേഹം പൊതിഞ്ഞെടുത്ത് അതിനടിയിൽ മഞ്ഞപ്പട്ടിന്റെ തിളങ്ങുന്ന മുണ്ടുടുത്ത് സ്നേഹത്തിന്റെ താതൻ പച്ചക്കറി സഞ്ചിയിലെ ഓട്ടയിൽനിന്നും ഉരുളക്കിഴങ്ങുതിർന്നുവീഴും പോലെ ബെൻസിന്റെ സ്റ്റീയറിംഗിനിടയിൽനിന്നും മുറ്റത്തേക്കമർന്നു! കാഞ്ചീപുരം പട്ടാണോ കോട്ടൺ പട്ടാണോ നല്ലതെന്ന ചോദ്യവുമായി മത്സരിച്ചുവന്ന സാരികളണിഞ്ഞ് ആ കാറിൽനിന്നും വീണ്ടും മൂന്നു തരുണീമണികൾ! ഇറങ്ങിയപാടെ അവർ മൂന്നു തവണ വീടും പരിസരവും കണ്ണുഴിഞ്ഞു. വെള്ളയും സ്വർണ്ണമഞ്ഞ നിറമുള്ള ജുബയുമണിഞ്ഞ രണ്ടു മദ്ധ്യവയസ്കർ ഇതിനിടയിൽ ബിഎംഡബ്ലിയുവിൽനിന്നും പുറത്തിറങ്ങി. അവർ തൊടിയിലേക്കു കണ്ണോടിച്ച് ഇതൊക്കെയൊരു തൊടിയാണോ എന്ന ഭാവം പരസ്പരം പങ്കുവെച്ചപ്പോൾ എന്റെ മനസ്സൊന്നു കലങ്ങി. അവർ ആരൊക്കെയെന്ന് അപ്പോഴെനിക്കു മനസ്സിലായതേയില്ല. ഇന്നോവയിൽനിന്നും രണ്ടു യുവമിഥുനങ്ങൾ കൊഞ്ചിക്കുഴഞ്ഞ് ഇറങ്ങി വന്നു; സ്നേഹത്തിന്റെ ചേട്ടനും ഭാര്യയും. കൈവിരലുകൾ പരസ്പരം നെയ്തെടുത്ത് വിട്ടുവിടാനാകാത്ത വിധം അവർ ചേർന്നു നടന്നു. എന്റെ ഉള്ളു നിറഞ്ഞു, മനം പിടച്ചു. സന്തോഷത്താൽ ഹൃദയം പെരുമ്പറ കൊട്ടി, ക്ഷീണം പമ്പകടന്നു. ഞാൻ കിടപ്പുമുറിയുടെ വാതിൽ തുറന്ന് നടേലകത്ത് ഉറങ്ങിക്കിടന്നിരുന്ന വകയിലെ കുട്ടികളെ കവച്ചുവെച്ച് ഉമ്മറത്തെത്തിയപ്പോഴേക്കും ലൈറ്റുകൾ തെളിയിച്ച് അന്തോണിയപ്പനും ലൂസിയമ്മയും മറ്റ് സകല പരിവാരങ്ങളും അവിടെ എത്തിച്ചേർന്നിരുന്നു. ഞാൻ മുന്നിലേക്കു കടന്നുചെന്ന് സ്നേഹത്തിന്റെ താതനു കൈകൊടുത്തു. അയാളെന്നെ ചേർത്തു നിർത്തി കെട്ടിപ്പിടിച്ചു. എന്റെ രോമങ്ങൾപോലും ആകാംക്ഷയോടെ ആ കാഴ്ചകാണാൻ എഴുന്നേറ്റു നിന്നു. ഇതെന്തൊരു കഥ എന്ന പരസ്പരം നോട്ടമെറിഞ്ഞ് ലൂസിയമ്മയും സൂസ്യമ്മായിയും മറ്റുമ്മായിമാരും ആങ്ങളമാരും നിലകൊണ്ടു. അന്തോണിയപ്പൻ സ്നേഹത്തിന്റെ താതന്റെ കെട്ടിപ്പിടുത്തത്തിൽനിന്നും എന്നെ വിടുവിച്ച് തന്റെ അരികിലേക്കു ചേർത്തുനിർത്തി. സ്നേഹത്തിന്റെ താതനേയും അമ്മയേയും ഞാനന്നേരം അന്തോണിയപ്പനും ലൂസിയമ്മക്കും പരിചയപ്പെടുത്തി. ലൂസിയമ്മ അവരെ അകത്തേക്കു ആനയിച്ചു. മകളുടെ ഭാവിവീട്ടിലെ ഓരോ മുറിയും കണ്ടുനടന്ന് ബോധിച്ചും ബോധിക്കാതെയും സ്നേഹത്തിന്റെ അമ്മ കുടുംബ വിശേഷങ്ങൾ ഇതിനിടെ ലൂസിയമ്മയുമായി പങ്കുവെച്ചു.

സ്നേഹത്തിന്റെ താതൻ അന്തോണിയപ്പൻ കൊടുത്ത അവിലോസുണ്ട കടിച്ചുപൊട്ടിക്കാനാകാതെ അതിന്റെ പുറം ഭാഗം കരണ്ടു നിർവൃതിയോടെ നേരംകളഞ്ഞു. ഇതിനിടയിൽ ഇരുട്ടിന്റെ മറവിൽ അന്തോണിയപ്പൻ സ്വന്തം പറമ്പും നാട്ടുകാരുടെ പറമ്പും കണ്ണോട്ടത്തിൽ ഒന്നാക്കിമാറ്റി സ്നേഹത്തിന്റെ ബന്ധുക്കൾക്ക് മുമ്പിൽ ഏക്കറുകളായി അവതരിപ്പിച്ച് എന്റെയും കുടുംബത്തിന്റെയും മാനം കാത്തു. അപ്പുറത്തെ പറമ്പിൽ കൂട്ടിയിട്ടിരിക്കുന്ന നാളികേരത്തിന്റെ കണക്കുപറഞ്ഞ് ലൂസിയമ്മ പട്ടുവസ്ത്രധാരികളുടെ മനവും കവർന്നെടുത്തു.

കട്ടപ്പനയിൽനിന്നും പുലർച്ചെ പുറപ്പെട്ടതാണെന്നും, വഴിയിൽവെച്ച് സ്നേഹത്തിന്റെ അമ്മാവന് നെഞ്ചുവേദന വന്നെന്നും, ആശുപത്രിയിൽ പോയപ്പോൾ ഗ്യാസിന്റെ അസ്കിതയാണെന്നറിഞ്ഞ് ഇതെല്ലാം താമസിച്ചതെന്നും പറഞ്ഞു പങ്കുവെച്ചു. രാത്രിയിൽ വന്നു ബുദ്ധിമുട്ടിച്ചതിനു ക്ഷമാപണവും പറഞ്ഞ് സ്നേഹത്തിന്റെ താതൻ കൈകൾ കൂപ്പി. എല്ലാവരും കാൺകെ അയാളെന്റെ കൈവിരലിൽ രണ്ടുപവന്റെ കൊഴുത്തൊരു സ്വർണ്ണ മോതിരമണിയിച്ചു. ഉമ്മറത്തെ അറുപതു വാട്ടിന്റെ ബൾബിൽ നിന്നും പുറപ്പെട്ട കിരണങ്ങൾ ആ സ്വർണ്ണമോതിരത്തിൽത്തട്ടി ലൂസിയമ്മയുടെ കണ്ണുകളിലെത്തിയപ്പോൾ അവർക്കു കണ്ണുനിറഞ്ഞ് കണ്ണുകാണാതെയായി. കല്യാണനിശ്ചയത്തിനു മുൻപുള്ള ഉറപ്പിക്കലെന്ന മഹനീയ കർമ്മമായി ആ മോതിരമണിയിക്കൽചടങ്ങ് എഴുതിച്ചേർക്കപ്പെട്ടു. തൊട്ടുപിന്നാലെ, സ്നേഹത്തിന്റെ താതൻ മകൾക്കു നൽകാൻ പോകുന്ന ഏക്കറുകണക്കിനു ഭൂമിയുടേയും പവൻകണക്കിനു സ്വർണ്ണത്തിന്റേയും കണക്കുകൾക്കൊപ്പം പാരമ്പര്യത്തിന്റേയും കണ്ണിമുറിയാത്ത ബന്ധങ്ങളുടേയും വിവരങ്ങൾ കൂട്ടിക്കുഴച്ച് പറഞ്ഞപ്പോൾ ലൂസിയമ്മയും അന്തോണിയപ്പനുമല്ല അവിടെ കൂടിനിന്ന ആർക്കും ഒരെത്തും പിടിയും കിട്ടിയില്ല. എനിക്കടിക്കാൻ പോകുന്നത് എന്തോ വലിയൊരു ലോട്ടറിയാണെന്ന് കേട്ടവരെല്ലാം മനസ്സിൽ ഗണിച്ചു. തുടർന്ന്, അന്തോണിയപ്പനോട് സ്നേഹത്തിന്റെ താതൻ യാത്രചോദിച്ചുകൊണ്ട് ഹസ്തദാനം നടത്തുന്നതും കൈകൾ വീശി ഉത്സാഹത്തോടെ സമ്മേളനാർത്ഥികളോരോരുത്തരും അവരെ യാത്രയാക്കുന്നതും കണ്ട് എന്റെ മനസ്സിൽ കുളിർമഴ പെയ്തു. സന്തോഷാശ്രുക്കൾ പൊഴിച്ച് കട്ടിലിൽ ഞാൻ തിരിഞ്ഞുകിടന്നു.

ഒരു ഇടവേളക്കുശേഷം വീണ്ടും ഞാനൊരു ഹോൺ ശബ്ദം കേട്ടു! ഉറക്കച്ചടവോടെ ഞാനെഴുന്നേറ്റ് ജനാലയിലൂടെ നോക്കി. മുരൾച്ചയോടെ പഴയൊരു ജീപ്പ് സഡൻ ബ്രേക്കിട്ടു മുറ്റത്തുവന്നുനിന്നു. ഒന്നിനുപുറകേ മറ്റൊന്നായി രണ്ടു ജീപ്പുകൾ വേറെയും! ആദ്യത്തെ ജീപ്പിൽനിന്നും സ്നേഹത്തിന്റെ താതൻ മടക്കിക്കുത്തിയ കള്ളിമുണ്ടുമായി ചാടിയിറങ്ങി. തുടർന്ന് ഓരോ ജീപ്പിൽനിന്നും കള്ളിമുണ്ടിനുപുറത്ത് പാതി ട്രൗസർ പുറത്തുകാട്ടി ഒന്നൊന്നായ് അഞ്ചാറാണുങ്ങൾ മീശപിരിച്ചു പുറത്തുചാടി. പതിനഞ്ചോളംപേർ വരുന്ന അവർ വടിവാളും നെഞ്ചാക്കുമായി മുറ്റത്തുലാത്തിക്കൊണ്ട് ഭീകരാന്തരീക്ഷം സൃഷ്ടിച്ചു. ജീപ്പുകളുടെ ഹെഡ്‌ലാംബുകൾ വീടിനെയും ഇടവും വലവും തൊടികളേയും ലക്ഷ്യമാക്കി പ്രകാശിച്ചു കൊണ്ടിരിക്കെ എന്റെ അപ്പൻ നടേലകത്തിന്റെ വാതിലിന്റെ സാക്ഷമാറ്റുന്ന സ്വരം ഞാൻ കേട്ടു.

അപ്പനെ കണ്ടതോടെ, "വിളിയെടാ ആ നായിന്റെ മോനെ", എന്ന് അലറിവിളിച്ചുകൊണ്ട് മുറ്റത്തുകിടന്ന പ്ലാസ്റ്റിക് കസേര സ്നേഹത്തിന്റെ താതൻ ചവിട്ടിത്തെറിപ്പിച്ചു. മറ്റൊരു കസേര കയ്യിലെടുത്ത് തൊടിയിലേക്കു വലിച്ചെറിഞ്ഞു. തുറന്ന സാക്ഷ അതേപടി അടയുന്ന ശബ്ദമായിരുന്നു തുടർന്നു ഞാൻ കേട്ടത്. സംഗതി പന്തികേടാണെന്നു മനസ്സിലായപ്പോൾ കട്ടിലിൽനിന്നും ഞാൻ ചാടിയെഴുന്നേറ്റ് മച്ചിൻപുറത്ത് കയറി പതുങ്ങിക്കിടന്നു. അല്പ സമയത്തിനകം എന്റെ മുറിയുടെ വാതിൽ തള്ളിത്തുറന്ന് അപ്പൻ അകത്തു കയറുന്നതുകണ്ട് മച്ചിലിൽ ശ്വാസംപിടിച്ച് ഞാൻ കമിഴ്ന്നുകിടന്നു. അപ്പനെന്നെ കട്ടിലിനടിയിലും, പുതപ്പിനടിയിലും, കണ്ണാടിയിലും തപ്പി. എന്റെ പൊടിപോലും കാണാതെ വിയർത്തു കുളിച്ച അപ്പൻ തിരിച്ചുപോയി നടേലകത്തിന്റെ സാക്ഷ വീണ്ടും തുറന്നു.

സ്നേഹത്തിന്റെ താതന്റെ വാക്കുകളന്നേരം എന്റെ ചെവിയിൽ മാറ്റൊലികൊണ്ടു.

അതിപ്രകാരമായിരുന്നു: "ഇന്നേക്കുനാലാംനാളെന്നൊന്നുണ്ടെങ്കിൽ എന്റെമകളുടെ കഴുത്തിൽ നിങ്ങളുടെ മകൻ താലി കെട്ടിയിരിക്കും!" പിന്നെ കടിച്ചാൽ പൊട്ടാത്ത തെറികളുടെ അഭിഷേകമായിരുന്നു. ദേഷ്യം തീരാതെ അയാൾ മുറ്റത്തുകിടന്ന മറ്റൊരു കസേരകൂടി വലിച്ചെറിഞ്ഞു. അതു തട്ടിൻപുറത്തിന്റെ മുകളിൽതട്ടി ഓടിൽതട്ടി നിലത്തുവീഴുന്ന ശബ്ദംകേട്ട് ഞാൻ നടുങ്ങിവിറച്ചു.

പാരമ്പര്യത്തിന്റെ കണക്കെടുത്തു ചിന്തിച്ച അമ്മയുടെ നാലാമത്തെ ആങ്ങള ഉത്തരം വാചകങ്ങൾ കുടുംബത്തിൽക്കയറി പറയാനൊന്നാക്രോശിച്ച് മുന്നോട്ടാഞ്ഞതും, ധൈര്യം വീണ്ടെടുത്ത് ലൂസിയമ്മ നെഞ്ചുവിരിച്ചുകൊണ്ടു മുന്നോട്ടുവന്നതും ഒരേ സമയത്തായിരുന്നു. പെണ്ണുങ്ങൾ ആദ്യം പറയട്ടെയെന്ന ആപ്തവാക്യം മൂന്നാമത്തെ ആങ്ങള മുന്നോട്ടുവെച്ചതോടെ കിട്ടിയ അവസരം മുതലാക്കി ലൂസിയമ്മ പറഞ്ഞു: "ആ കൊള്ളരുതാത്തവൻ ഞങ്ങടെ മോനല്ല; അവനുവേണ്ടി വഴക്കിടാൻ ഇവിടെനിന്നും നിങ്ങൾക്ക് ആളെക്കിട്ടില്ല മക്കളേ; നിങ്ങൾക്ക് ചെയ്യാനുള്ളതെല്ലാം നിങ്ങളുചെയ്തോ; ചോദിക്കാനും പറയാനും ഞങ്ങളില്ല; ഇതു വാക്കാണ്! ലൂസിയുടെ വാക്ക്!"

മച്ചിന്റെ ഉത്തരത്തിൽപ്പിടിച്ച് തലകൊണ്ട് ഓടുപൊക്കി ഞാൻ നോക്കുമ്പോൾ അന്തോണിയപ്പൻ തലകുമ്പിട്ട് നിൽക്കുകയായിരുന്നു. അമ്മയുടെ ആങ്ങളമാർ ദയനീയമായി പരസ്പരം നോക്കുന്നതല്ലാതെ അടി പേടിച്ച് നിന്നനിൽപ്പിൽനിന്നും ഇളകിയില്ല. തുടകളിലെ ചുരുണ്ടരോമങ്ങൾ ഇരുകൈകളാലും ഉഴിഞ്ഞൊതുക്കി മടക്കിക്കുത്തിയ കള്ളിമുണ്ട് തെറുത്തുകയറ്റി അതിലൊരു മല്ലൻ മുറ്റത്തേക്കാഞ്ഞുതുപ്പി! തുപ്പലിന്റെ ശീതൽ മുഖത്തടിച്ചത് അന്തോണിയപ്പനും അമ്മയുടെ ആങ്ങളമാരും ഉടുമുണ്ടുകൊണ്ട് വിസ്തരിച്ചു തുടച്ച് നിസ്സഹായരായി നിന്നു.

അല്പസമയത്തിനുള്ളിൽ വന്നവരും കെട്ടുവിചാരണക്കെത്തിയ സമ്മേളനാർത്ഥികളും തത്വത്തിൽ ഒന്നായി. നിലപാടു തറയിൽ മാറ്റച്ചുരിക തന്നു സഹായിച്ച ലില്ലിമ്മായിയും എന്നെ കൈവെടിഞ്ഞു. എന്നെ എന്തുചെയ്താലും ചോദിക്കാനും പറയാനും ആരും വരില്ലെന്ന ധാരണയിൽ അന്തോണിയപ്പനും സ്നേഹത്തിന്റെ താതനും കൈ കൊടുത്തു. ഒരാൾപോലും എന്നെ പിന്തുണച്ചുകൊണ്ടു മുന്നിലേക്കു വന്നില്ല. അരമണിക്കൂറിനുള്ളിൽ എല്ലാം ഒതുങ്ങിയടങ്ങി. പൊടി പാറിപ്പറപ്പിച്ചുകൊണ്ട് മൂന്നു ജീപ്പുകളും മുറ്റത്തുനിന്നും അപ്രത്യക്ഷമായി.

ഞാൻ ഉത്തരംവിട്ട് മച്ചിൻപുറത്തുള്ള തലയിണയിൽ കെട്ടിപ്പിടിച്ച് കരഞ്ഞു. ഏങ്ങൽ പുറത്തുവരാതിരിക്കാൻ വായിൽ സ്വയം പുതപ്പ് തിരുകി. താഴേക്കിറങ്ങാനുള്ള ശക്തിയില്ലാതെ വായ വലിച്ചുവിട്ട് ആ രാത്രി മുഴുവനും അതേകിടപ്പ് ഞാൻ തുടർന്നു.

ഉണർന്നെഴുന്നേറ്റപ്പോഴേക്കും സമയം പകൽ പത്തുമണിയായിരുന്നു. മച്ചിൽനിന്നും താഴേക്കിറങ്ങിവന്ന് കട്ടിലിൽ കിടന്നതെപ്പോഴാണെന്നു ചിന്തിച്ചിട്ട് എനിക്കൊരെത്തും പിടിയും കിട്ടിയില്ല. എന്റെ കൈവിരലിൽ സ്നേഹത്തിന്റെ താതനണിയിച്ച രണ്ടുപവന്റെ മോതിരം കാണാതെ ഞാൻ കിടക്കയിൽ തപ്പി, മുറി മുഴുവനായും തപ്പി. ഒരിടത്തും മോതിരം കണ്ടില്ല. ആരവങ്ങളടങ്ങിയ നിലപാടുതറയിലൂടെ നടന്നപ്പോൾ വീട്ടിൽ ആളനക്കമേയില്ല. സ്നേഹത്തിന്റെ താതൻ ചവിട്ടിത്തെറിപ്പിച്ച കസേരയോ ജീപ്പിന്റെ ടയറുകളുടെ പാടുകളോ മുറ്റത്തു കണ്ടില്ല. ഞാൻ തിരിച്ച് അകത്തേക്കു വന്നു. ലൂസിയമ്മ അടുക്കളയിലിരുന്നു മീൻ നന്നാക്കുന്നു, സൂസ്യമ്മായി ഉമ്മറത്തിരിക്കുന്നു. അന്തോണിയപ്പനെ അവിടെയെങ്ങും കാണാനുമില്ല.

ഞാനെന്റെ മുറിയിലേക്കു നടന്നു. ആരുണ്ടെനിക്ക് ആശ്വാസം നല്കുവാനെന്നു ചിന്തിച്ച് ചുമരിൽ ഞാന്നുകിടക്കുന്ന അമ്മയെ ഞാൻ ദയനീയമായി നോക്കി. അമ്മക്കെന്തോ എന്നോടെന്തോ പറയാനുണ്ടെന്ന തരത്തിൽ ഫോട്ടോയിലെ മുഖഭാവം മാറിമറിഞ്ഞു. ഫോട്ടോയിലേക്കു ഞാൻ സൂക്ഷിച്ചുനോക്കി. ഫോട്ടോ ഫ്രെയിമിൽ നിന്ന മുഖം പുറത്തേക്കിട്ട് അമ്മ പറഞ്ഞു: "തുറന്ന സ്വപ്ന കഞ്ചുകം അടച്ചുവെക്കടാ മോനേ; നീ ഒന്ന് പ്രാക്ടിക്കലായി ചിന്തിക്ക്".

വിശ്വസിക്കാനാകാതെ ഞാൻ ഫോട്ടോയിലേക്ക് ഒന്നുകൂടി തുറിച്ചുനോക്കി. പുറത്തെടുത്ത മുഖം ഫ്രെയിമിനുള്ളിലേക്കു തള്ളിക്കയറ്റാനപ്പോൾ അമ്മ തത്രപ്പെടുന്നതുകണ്ടു ഞാൻ വിഷമിച്ചു മുഖംതിരിച്ചു. ഒളികണ്ണിട്ടു വീണ്ടും ഞാൻ നോക്കിയപ്പോൾ ഫോട്ടോഫ്രെയിം ആണിയിൽ ഞാന്നു കിടന്നാടുകയാണ്. വെപ്രാളപ്പെട്ടു കയറുന്നതിനിടെ പിടിവിട്ടെങ്ങാനും അമ്മ നിലത്തുവീഴുമോയെന്ന ആശങ്കയിൽ വീണ്ടും ഞാൻ കണ്ണുകൾ മുറുക്കിയടച്ചു. കുറച്ചു സമയത്തിനകം ഫ്രെയിമിന്റെ ആട്ടം നിലച്ചിരുന്നു. ഫ്രെയിമിനകത്ത് അമ്മയുടെ മുഖം വ്യക്തമായി ഞാനപ്പോൾ കണ്ടു. എനിക്കു സമാധാനമായി. ഉടനെത്തന്നെ ഞാൻ സ്നേഹത്തെ മൊബൈലിൽ വിളിച്ച് തുടർന്നു ചെയ്യേണ്ട കാര്യങ്ങൾ വേണ്ടവിധം ചട്ടംചെയ്തു.

ഞാൻ രജിസ്ട്രേഷനോഫീസിന്റെ പടികടന്നപ്പോൾ സ്നേഹമവിടെ കാത്തിരിപ്പുണ്ട്. സാക്ഷികളാകാൻവന്ന സ്നേഹത്തിന്റെ രണ്ടു സുഹൃത്തുക്കളും കൂടെയിരിക്കുന്നുണ്ട്. എന്നെക്കണ്ട മാത്രയിൽ സ്നേഹം ഓടിവന്ന് എന്നെ കെട്ടിപ്പിടിച്ചു. പിന്നെ സുഹൃത്തുക്കളെ എനിക്ക് പരിചയപ്പെടുത്തിത്തന്നു. ഞാൻ പുഞ്ചിരിച്ചുകൊണ്ട് അവർക്ക് ഹസ്തദാനം ചെയ്തു. അവരുമായി കുശലം പറഞ്ഞു കൊണ്ടിരിക്കെ രജിസ്ട്രാറുടെ ഗുമസ്തൻ ഞങ്ങളെ പേരുവിളിച്ച് രജിസ്ട്രാർ സമക്ഷമെത്തിച്ചു.

രജിസ്ട്രാർ മുഖമുയർത്തി ചോദിച്ചു: "വിവാഹത്തിനു സമ്മതമല്ലേ?"

ഞങ്ങൾ ഒരുമിച്ചുപറഞ്ഞു: "സമ്മതമാണ്".

ഷേവ് ചെയ്തിട്ടും, കിളിർത്തുവരുന്ന രോമകൂപങ്ങളുടെ പച്ചപ്പിൽ കണ്ണുടക്കി രജിസ്ട്രാർ സ്നേഹത്തിനോട് സംശയത്തോടെ ചോദിച്ചു: "മെയിൽ ഓർ ഫീമെയിൽ?"

കൂസാതെയെങ്കിലും പതറിയ സ്വരത്തിൽ സ്നേഹം മറുപടി പറഞ്ഞു: "സാറേ, മെയിലും, ഫീമെയിലുമല്ല, ഞാനൊരു ട്രാൻസ്ജെൻഡറാണ്".

രജിസ്ട്രാറുടെ മുഖത്ത് ആശ്ചര്യ ചിഹ്നം ഉയർന്നതുകണ്ട് സ്നേഹമെന്നെ ദയനീയമായി നോക്കി. കോടതിയിലെ നിയമപുസ്തകത്തിലില്ലാത്ത സുപ്രീംകോടതിയുടെ പുതിയ കൂട്ടിച്ചേർക്കലിന്റെ തനതുപകർപ്പ് സ്നേഹത്തെ പിന്നിലേക്കു മാറ്റിനിറുത്തി രജിസ്ട്രാർ സമക്ഷം ഞാനപ്പോൾ സമർപ്പിച്ചു. അയാളതു വാങ്ങിയെങ്കിലും വായിച്ചുനോക്കാതെ മേശക്കടിയിലെ വലിപ്പിലേക്കു തള്ളിവെച്ചു. ഞങ്ങൾ അമ്പരന്നു നിൽക്കെ നിറപുഞ്ചിരിയോടെ അയാൾ കൈകളുയർത്തി പച്ചമഷിയുള്ള പേനയെടുത്ത് രജിസ്ട്രേഷൻ പുസ്തകത്തിൽ നീട്ടിവലിച്ച് ഒരൊപ്പിട്ടു. ഞങ്ങൾക്കതൊരു ഒന്നൊന്നര ഒപ്പായിരുന്നു.

□

ബിജു പോന്നോർ

പാലക്കാട് NSS എൻജിനീയറിംഗ് കോളേജിൽ നിന്നും മെക്കാനിക്കൽ എൻജിനീയറിംഗിൽ ബിരുദവും, കോതമംഗലം മാർ അത്തനേഷ്യസ് കോളേജിൽ നിന്നും ഒന്നാം റാങ്കോടെ ബിരുദാനന്തര ബിരുദവും, തൃശ്ശൂർ ഗവൺമെന്റ് എൻജിനീയറിംഗ് കോളേജിൽനിന്നും CERD സ്കോളർഷിപ്പോടെ മെക്കാനിക്കൽ എൻജിനീയറിംഗിൽ ഡോക്ടറേറ്റും കരസ്ഥമാക്കി.

പതിനെട്ട് വർഷത്തോളം വിവിധ എൻജിനീയറിംഗ് കമ്പനികളിലായി ഇൻഡ്യക്കകത്തും പുറത്തും ജോലി ചെയ്തു. 2013 മുതൽ സ്വാശ്രയ എൻജിനീയറിംഗ് കോളേജുകളിൽ മെക്കാനിക്കൽ എൻജിനിയറിംഗ് വിഭാഗത്തിൽ പഠിപ്പിച്ചുകൊണ്ടിരിക്കുന്നു.

കെ എസ് ഇ ബി യിൽ സിനിയർ സൂപ്രണ്ടായ ബിനിത സി. ഡി. ആണ് ജീവിതപങ്കാളി. മക്കൾ : ലെവിൻ ബിജു പോന്നോർ, ലിയോൺ ബിജു പോന്നോർ, സിയാൻ കേറ്റ് പോന്നോർ.

പിൻകുറിപ്പ്

- മുപ്പതു മുതൽ നാല്പതു മിനിട്ടിനകം വായിച്ചു തീർക്കാവുന്ന ഉള്ളടക്കമാണ് സായാഹ്ന പുറത്തിറക്കുന്ന ഈ ഫോൺ പിഡിഎഫുകളിൽ ഉള്ളത്. ഇതു വായിക്കുവാനായി ഒരിക്കലും ഒരു കമ്പ്യൂട്ടറോ ഡെസ്ക്ടോപ് ആപ്ലിക്കേഷനുകളൊ ആവശ്യമില്ല.
- ആധുനിക മനുഷ്യന്റെ സന്തതസഹചാരിയായ സ്മാർട്ട് ഫോണുകളുടെ സ്ക്രീനിൽ തന്നെ വായിക്കുവാൻ തക്ക രീതിയിലാണ ഈ പിഡിഎഫുകൾ വിന്യസിച്ചിരിക്കുന്നത്. ഫോണിന്റെ വീതിക്കു നിജപ്പെടുത്തിയ രീതിയിലാണ് മാർജിനുകൾ ചിട്ടപ്പെടുത്തിയിരിക്കുന്നത്.
- പിഡിഎഫ് പ്രമാണങ്ങൾ വായിക്കുവാനുള്ള പ്രയോഗങ്ങൾ എല്ലാതരം സ്മാർട്ട്ഫോണുകളിലും ഇന്നു ലഭ്യമാണ്. എന്നിരിക്കിലും സൗജന്യമായി കിട്ടുന്ന അഡോബി അക്രോബാറ്റ് റീഡർ ആണ് ഇവയിൽ ഏറ്റവും മുന്തിയത്. അതുകൊണ്ട് അഡോബി റീഡർ ഇൻസ്റ്റാൾ ചെയ്യുകയും അതിൽ ഈ ഫോൺ പിഡിഎഫുകൾ വായിക്കുകയും ചെയ്യുക.
- സ്വതന്ത്രപ്രസാധനം ആഗ്രഹിക്കുന്ന/ഇഷ്ടപ്പെടുന്ന ആർക്കുവേണമെങ്കിലും സായാഹ്നയിലൂടെ സ്വന്തം കൃതികൾ പ്രസാധനം ചെയ്യാവുന്നതാണ്. 30 മുതൽ 60 മിനിട്ടുകൾക്കകം വായിച്ചുതീർക്കാവുന്ന ഉള്ളടക്കം – കഥകൾ, അനുഭവക്കുറിപ്പുകൾ, ലേഖനങ്ങൾ, അഭിമുഖങ്ങൾ, സിനിമാനിരൂപണങ്ങൾ, കവിതകൾ – എന്നു തുടങ്ങി എന്തുവേണമെങ്കിലും അയയ്ക്കാവുന്നതാണ്. അയയ്ക്കേണ്ട വിലാസം: <editors@sayahna.org>.
- പ്രതികരണങ്ങൾ <editors@sayahna.org> എന്ന ഇമെയിലിലേയ്ക്കോ, ഈ വെബ് പേജിൽ കമ്മന്റുകളായോ ചേർക്കുക. നിർദ്ദേശങ്ങളും വിമർശനങ്ങളും എപ്പോഴും സ്വീകാര്യമാണ്. അവ സായാഹ്നപ്രവർത്തകർക്ക് കൂടുതൽ ഉത്തേജനം നൽകുന്നതാണ്.

സായാഹ്ന ഫൗണ്ടേഷൻ, ജഗതി, തിരുവനന്തപുരം
695014